ഹദീസ്

ഫസ്‌ന മിയാൻ
fasna.mian@gmail.com

# പ്രാർഥിക്കുക, കിട്ടുമെന്ന ഉറപ്പോടെ

عَنْ أَبِي هُرَيْرَةَ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : ادْعُوا اللَّهَ وَأَنْتُمْ مُوقِنُونَ بِالْإِجَابَةِ ، وَاعْلَمُوا أَنَّ اللَّهَ لَا يَسْتَجِيبُ دُعَاءً مِنْ قَلْبٍ غَافِلٍ لَاهٍ (الحديث حسنه الألباني في صحيح الترمذي)

**അബൂഹുറയ്‌റയിൽനിന്ന്. നബി(സ) പറഞ്ഞു: "ഉത്തരം കിട്ടുമെന്ന ഉറച്ച ബോധ്യത്തോടെ നിങ്ങൾ അല്ലാഹുവോട് പ്രാർഥിക്കുക. നിങ്ങൾ അറിയണം, അശ്രദ്ധവും കളിതമാശകളിൽ മുഴുകിയതുമായ ഹൃദയത്തിൽനിന്ന് വരുന്ന പ്രാർഥനക്ക് അല്ലാഹു ഉത്തരം നൽകില്ല" (തിർമിദി).**

പടരാൻ ഒരു താങ്ങു കിട്ടിയ വള്ളിച്ചെടിയെ കണ്ടിട്ടില്ലേ, പടർന്നു പടർന്ന് പൂവും കായുമായി നിൽക്കുന്നത്. അതുപോലെയാണ് മുഅ്മിനിന് പ്രാർഥന. സ്നേഹദൂതൻ പറയുന്നത്, തരുമെന്ന ഉറപ്പിൽ പ്രാർഥിക്കാനാണ്. പിന്നെന്തിനാണ് ഭയം! നമ്മെ കേൾക്കാനൊരാളുണ്ടെന്നതു തന്നെ ജീവിതത്തിന് നൽകുന്ന ഉൾക്കരുത്ത് എത്ര വലുതാണ്! ആവശ്യങ്ങൾക്ക് ഉത്തരം നൽകുന്നവൻ ജീവനാഡിയേക്കാൾ അടുത്തുള്ളപ്പോൾ ആവശ്യം പറയാൻ മടിയെന്തിനാണ്!

പടച്ചവനും പടപ്പിനുമിടയിലെ ബന്ധമാണ് പ്രാർഥന; തളർന്നു പോകാതിരിക്കാൻ, വാടാതെ തളിർക്കാൻ. പറയാനുള്ളതെല്ലാം ഉള്ളിന്റെ തോന്നൽ പോലുമറിയുന്നവന്റെ മുന്നിൽ പ്രതീക്ഷയോടെ പറയുന്നതിന്റെ പേരാണ് പ്രാർഥന; കേവല പദങ്ങളോ ഈണത്തിലുള്ള ചൊല്ലലുകളോ അല്ല.

വഴിയറിയാതെ പകച്ചുപോയ എത്ര ജീവിതങ്ങളുണ്ട് നമുക്കു ചുറ്റിലും. എന്നാൽ എല്ലാമറിയുന്ന നാഥനോട് പ്രതീക്ഷയുള്ള മനസ്സോടെ ഒന്നുള്ളറിഞ്ഞ് ചോദിച്ചാൽ അവൻ വഴിയായി മാറും; ഫറവോന്നും ചെങ്കടലിനും മധ്യേ മൂസാ പ്രവാചകന് വഴിയായ പോൽ.

ആശിച്ചുകൊണ്ടും താഴ്മയോടും പ്രാർഥിച്ച സകരിയ്യാ നബി(അ)ക്ക് പ്രതീക്ഷക്കുത്തരമായി യഹ്‌യാ പ്രവാചകനെയും, ഖലീലുല്ലാഹി ഇബ്‌റാഹീമി(അ)ന് പ്രാർഥനയുടെ ഫലമായി ഇസ്മാഈലി(അ)നെയും നൽകിയ നാഥനോട് പ്രതീക്ഷയോടെ പ്രാർഥിക്കാമല്ലോ. തന്റെ പ്രാർഥനക്കുത്തരമായ സ്വർഗത്തിലെ വീടിനെ കുറിച്ച കിനാവു തന്നെയാണ്, ദൈവമെന്ന് അഹങ്കരിച്ചവന്റെ പീഡകളേറ്റുവാങ്ങാൻ ബീവി ആസിയക്ക് കരുത്തായത്.

ഹാജറിന്റെ ഓടിക്കിതച്ചുള്ള പ്രാർഥനക്കുത്തരമാണല്ലോ, സംസം. മണൽപ്പരപ്പല്ലാതെ ഒന്നും ചുറ്റുമില്ലാത്തപ്പോൾ പ്രതീക്ഷ മുറ്റിയ കൈയുയർത്തലിന് ഇബ്‌റാഹീം നബിക്കുള്ള ഉത്തരമാണ് സമൃദ്ധവും നിർഭയവുമായ മക്ക.

അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷ വെക്കാതെ അലസമായി എറിയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ അവനുണ്ടാവില്ലെന്നാണ് നബി(സ) ഇവിടെ പഠിപ്പിക്കുന്നത്. പ്രതീക്ഷയില്ലാത്തിടത്ത് പ്രാർഥന പ്രസക്തമല്ലാതാവുന്നു. പ്രിയമുള്ള ഒരാളോടുള്ള പറച്ചിലുകൾ നമുക്കൊരിക്കലും വാക്കുകളുടെ പെറുക്കിവെക്കലല്ലല്ലോ; പ്രിയപ്പെട്ട നിമിഷങ്ങൾ തന്നെയല്ലേ. അതാണ് പ്രാർഥനയുടെ നിർവചനവും.

ആധികളുടെ അറ്റത്തുള്ള അത്താണിയല്ല, അനുനിമിഷം അനാദിയായവനോടുള്ള അപേക്ഷയുടെ, പറച്ചിലുകളുടെ അനുഭവമാണ് പ്രാർഥന. മനസ്സിന് ശാന്തിയും ശരീരത്തിന് ഊർജവും കർമങ്ങൾക്ക് ആവേശവുമായി റബ്ബിന്റെ മാന്ത്രികസ്പർശം ജീവിതത്തിൽ തൊട്ടറിയാം അപ്പോൾ.

ജീവിതത്തിലെ ഏറ്റവും പ്രിയപ്പെട്ട നിമിഷങ്ങൾ പ്രാർഥിക്കുന്ന സമയമായി മാറുന്നവനേക്കാൾ അനുഗ്രഹിക്കപ്പെട്ടവനാരുണ്ട്! പ്രവാചകൻ(സ) പഠിപ്പിച്ച പ്രാർഥനാവചനങ്ങൾ ഒന്നോർത്തുനോക്കൂ. ഒരു മനുഷ്യന് ഏറെ പ്രിയപ്പെട്ടവനായി തന്റെ നാഥൻ മാറുകയാണ്. ഉള്ളം നിറഞ്ഞു തിളക്കുന്നതൊക്കെയും ഇറക്കിവെക്കാൻ പ്രാർഥനയോളം പോന്നതൊന്നുമില്ല.

ഉള്ളിലെ ഗദ്ഗദങ്ങൾക്കൊപ്പം, പ്രിയപ്പെട്ടവനോട് പ്രതീക്ഷ കൂടി പങ്കുവെക്കുന്നത്, ഒരുവനെ കരുത്തും ആർദ്രതയുമുള്ള മുഅ്മിനാക്കും. മണ്ണിൽ നിന്ന് വിണ്ണിലേക്കാരോഹിക്കുന്ന ഉറപ്പുള്ള പറച്ചിലുകളാണല്ലോ, പ്രാർഥന.

ആശ്വാസത്തിലും ആശങ്കയിലും നാഥനോടുള്ള പറച്ചിലുകളധികരിപ്പിക്കാം. കേൾക്കാനും ഉത്തരം നൽകാനുമായി കാരുണ്യസാഗരമായ അവൻ കാതോർത്തിരിപ്പുണ്ട്. പ്രവാചകൻ പഠിപ്പിച്ച പ്രകാരം, ഒട്ടും അലസമല്ലാത്ത മനസ്സുമായി, പ്രതീക്ഷയുള്ള കണ്ണും കരളുമായി അവനോട് ദുആ ഇരക്കാം. പ്രാർഥനക്കുള്ള സമ്മാനങ്ങൾ ഈ ലോകം കൊണ്ട് തീരുന്നതല്ല, മറുലോകത്തും നമ്മെ അത് കാത്തിരിപ്പുണ്ടാവും. ●